## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 2665 21.06.2012- ൽ മറുപടിക്ക്

### ഡിസാസ്റ്റർ മാനേജ്മെന്റ് സ്കീമിന്റെ വിശദാംശങ്ങൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. വി. ശശി | | ശ്രീ. അടൂർ പ്രകാശ് (ബഹു. റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) | പ്രകൃതി ദുരന്തനിവാരണത്തിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തിൽ നടപ്പാക്കുന്ന ഡിസാസ്റ്റർ മാനേജ്മെന്റ് സ്കീമിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (എ) | യുഎൻഡിപി - ദുരന്ത ആഘാത ലഘൂകരണ പരിപാടിയുടെ ഭാഗമായി 2010 ൽ നഗര ആഘാത ലഘൂകരണ പരിപാടി (URR) ആവിഷ്കരിച്ച് തദ്ദേശ സ്വയംഭരണ വകുപ്പുമായി ചേർന്ന് കേരളത്തിലെ തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശൂർ, കോഴിക്കോട് എന്നീ 5 സിറ്റി കോർപ്പറേഷനുകളിൽ നടപ്പിലാക്കി വരുന്നു. ഇതിന്റെ പ്രധാന പദ്ധതികൾ/പരിപാടികൾ ചുവടെ ചേർക്കുന്നു.<br>1. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ അംഗങ്ങൾക്കും ജീവനക്കാർക്കും ദുരന്ത നിവാരണ പരിശീലനവും അവബോധവും നല്കൽ.<br>2. സിറ്റി അടിയന്തിര പ്രതികരണ കേന്ദ്രം സ്ഥാപിക്കലും, ശക്തിപ്പെടുത്തലും<br>3) സ്കൂൾ സുരക്ഷാ ക്ലബുകളുടെ രൂപികരണവും പരിശീലനവും<br>4) വാർഡുതല സന്നദ്ധസേനാ രൂപികരണവും പരിശീലനവും<br>5) സുരക്ഷിത കെട്ടിട നിർമ്മാണത്തിനായി നിയമ പരിഷ്കരണവും എഞ്ചിനീയർമാർക്കും ഉദ്യോഗസ്ഥർക്കും പരിശീലനവും.<br>6) സുരക്ഷിത കെട്ടിട നിർമ്മാണ രീതികളിൽ റസിഡന്റ് അസോസിയേഷനുകൾക്ക് പരിശീലനം.<br>കൂടാതെ ഇടുക്കി ജില്ലയിലെ മുല്ലപ്പെരിയാറിലും പരിസരത്തും അടുത്തിടെയുണ്ടായ അടിയന്തിര സാഹചര്യത്തിന്റെ |

| | | | |
|---|---|---|---|
| | | | വെളിച്ചത്തിൽ ദുരന്ത ലഘൂകരണം, തയ്യാറെടുപ്പ് എന്നിവ ലക്ഷ്യമാക്കി മുല്ലപ്പെരിയാറിന് താഴെ ഇടുക്കി ഡാം വരെ ദുരന്ത സാധ്യതയുള്ള പ്രദേശങ്ങളാകമാനം ഉൾപ്പെടുത്തികൊണ്ട് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ നേതൃത്വത്തിൽ, വിവിധ സേവന ദാതാക്കളുടെ സഹകരണത്തോടെ (ഐഎൽഡിഎം, എച്ച്.വി.ആർ.എ സെൽ, ഭൗമശാസ്ത്ര പഠന കേന്ദ്രം, യുഎൻഡിപി, ഇടുക്കി ജില്ലാ ദുരന്ത നിവാരണ അതോറിറ്റി, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ) സംയുക്തമായി മുല്ലപ്പെരി യാറിൽ നടപ്പിലാക്കിവരുന്ന ക്രൈസ്സിസ് മാനേജ്മെന്റ് പ്ലാനിന്റെ ഭാഗമായുള്ള സാമൂഹ്യാധിഷ്ഠിത ദുരന്ത നിവാരണ പദ്ധതിയിലൂടെ തദ്ദേശവാസികളെ ബോധ വത്കരിക്കാനുള്ള പ്രവർത്തനങ്ങൾ കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയും ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയും ഈ പ്രദേശത്തെ പഞ്ചായത്തുകളിൽ നടപ്പിലാക്കി വരുന്നു. ആറു പഞ്ചായത്തുകളിലായി 50 വാർഡുകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. ഈ വാർഡുകളിൽ 2000 വോളണ്ടറിയർമാരെ ഉൾപ്പെടുത്തി മുന്നറിയിപ്പ്/ഏകോപനം, പ്രഥമ ശുശ്രൂഷ, ഒഴിപ്പിക്കൽ, തിരച്ചിലും രക്ഷപ്പെടുത്തലും എന്നീ മേഖലകളിൽ എമർജൻസി റെസ്പോൺസ് ടീം രൂപികരിച്ചിട്ടുണ്ട്. |
| (ബി) | ഡിസാസ്റ്റർ മാനേജ്മെന്റ് സംബന്ധിച്ച് ജനങ്ങൾക്ക് അവബോധം നൽകുവാൻ നടപ്പാക്കിയ പരിപാടികൾ എന്തെല്ലാം; ഇതിനായി 2011-12 വർഷത്തിൽ ഉണ്ടായ ചെലവ് പരിപാടി തിരിച്ച് വിശദീകരിക്കുമോ? | (ബി) | ദുരന്ത നിവാരണം സംബന്ധിച്ച് ജനങ്ങൾക്ക് അവബോധം നല്കുന്നതിനായി വർഷത്തിൽ വിവിധ ഏജൻസികൾ മുഖേന നടപ്പിലാക്കിയ പദ്ധതികളും അവയുടെ 2011-12 ലെ ചെലവ് വിവരങ്ങളും ചുവടേ ചേർക്കുന്നു.<br>1). <u>ഐഎൽഡിഎം മുഖേന നടപ്പിലാക്കിയവ.</u><br>1. ജീവനക്കാർ, സന്നദ്ധ സംഘടനാ പ്രവർത്തകർ, അദ്ധ്യാപകർ, കുടുംബശ്രീ. റസിഡന്റ് അസോസിയേഷൻ അംഗങ്ങൾ |

| | | | |
|---|---|---|---|
| | | | മുതലായവരുടെ പരിശീലനം<br>2. ദേശീയ ദുരന്ത നിവാരണാചരണം<br>3. ദൃശ്യ ശ്രാവ്യ മാദ്ധ്യമ പരിപാടികൾ<br>ചെലവ് തുക 4,31,739.00<br>**2). <u>സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി മുഖേന നടപ്പിലാക്കിയവ</u>**<br>1. **ജീവനക്കാർക്കും പൊതുജനങ്ങൾക്കും** ദുരന്ത നിവാരണ അവബോധം നല്കൽ.<br>(അന്താരാഷ്ട്ര ദുരന്ത ദിനാചരണം, മീഡിയാ അവാർഡ്, നാടകം, കലണ്ടർ അച്ചടി മുതലായവ)<br>ചെലവ് തുക 6,59,423.00<br>2. ശാക്തികരണ പരിപാടികൾ<br>(റവന്യൂഡ്രൈവേഴ്സ്, സ്കൂൾ ബസ് ഡ്രൈവേഴ്സ്, അദ്ധ്യാപകർ എന്നി വരുടെ പരിശീലനവും ജില്ലകളിലെയും സംസ്ഥാനത്തേയും വിവിധ മോക്ക് ഡ്രില്ലുകളും)<br>ചെലവ് തുക 5,36,780.00<br>3. സുരക്ഷായനം 2012<br>(സംസ്ഥാന ദുരന്ത നിവാരണ വകുപ്പ്, ഐഎൽഡിഎം, എസ്ഡിഎംഎ എന്നിവ സംയുക്തമായി നടത്തിയ അന്താരാഷ്ട്ര പ്രദർശനവും, സെമിനാറും, ദേശിയ ദുരന്ത നിവാരണ സേനാ മോക്ക് ഡ്രിൽ മുതലായവയും)<br>ചെലവ് തുക 52,00,782.00<br>4. **ഇൻഫർമേഷൻ എഡ്യൂക്കേഷൻ കമ്മ്യൂണിക്കേഷൻ** പ്രവർത്തനങ്ങൾ (പോസ്റ്റർ അച്ചടി, മലയാള മനോരമ -സുരക്ഷിത കേരളം പരിപാടി)<br>ചെലവ് തുക 18,30,230.00 |

| | | | |
|---|---|---|---|
| | | | 5. മുല്ലപെരിയാർ ക്രൈസിസ് മാനേജ്മെന്റ് പ്ലാൻ<br>(വാർഡുതല സന്നദ്ധ സേനാ രൂപീകരണം, സുരക്ഷിതമേഖലാ അടയാളപ്പെടുത്തൽ, സ്കൂൾ സുരക്ഷാ പദ്ധതി )<br>ചെലവ് തുക 16,60,989.00<br>**3.) <u>യുഎൻഡിപിയുടെ ആഭിമുഖ്യത്തിൽ നടപ്പിലാക്കിയവ</u>**<br>1. ജീവനക്കാർക്ക് ദുരന്ത നിവാരണ പരിശീലനവും അവബോധവും നല്കൽ.<br>ചെലവ് തുക 4,844.00<br>2. വികസന പദ്ധതികളിൽ ദുരന്തനിവാരണ ഭാഗം ഉൾപ്പെടുത്തുന്നതിനാവശ്യമായ പദ്ധതി പരിശീലനം<br>ചെലവ് തുക 50,000.00<br>3. സന്നദ്ധ സംഘടനകളുടെ ശാക്തികരണം.<br>ചെലവ് തുക 50,000.00<br>4. ജല പരിപാലനത്തിൽ തദ്ദേശിയ മാതൃകകൾ വകസിപ്പിക്കലിനാവശ്യമായ പരിശീലനം<br>ചെലവ് തുക 50,000.00<br>5. ഇൻഫർമേഷൻ എഡ്യൂക്കേഷൻ കമ്മ്യൂണിക്കേഷൻ പ്രവർത്തനങ്ങൾ<br>ചെലവ് തുക 1,50,000.00 |

സെക്ഷൻ ഓഫീസർ